## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ: 2863 | 20.03.2015 – ൽ മറുപടി<br>നൽകേണ്ടിയിരുന്നത് |
|---|---|

## കയർ സഹകരണ സംഘങ്ങൾ

| ചോദ്യം<br><br>ശ്രീ.എളമരം കരീം | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ആകെ എത്ര കയർ സഹകരണ സംഘങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ; | എ) സംസ്ഥാനത്ത് ആകെ 1030 കയർ സഹകരണ സംഘങ്ങൾ ഉണ്ട്. |
| ബി) ഇവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | ബി) ഇവയിൽ 553 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) സഹകരണ സംഘങ്ങൾ ഭൂരിപക്ഷവും നിശ്ചലമാകുവാൻ എന്താണ് കാരണമെന്ന് അറിയിക്കാമോ ? | സി) കയർ സഹകരണ സംഘങ്ങൾ ഭൂരിപക്ഷവും നിശ്ചലമായിട്ടുള്ള അവസ്ഥയില്ല. സംസ്ഥാനത്ത് ആകെ 1030 കയർ സഹകരണ സംഘങ്ങൾ ഉള്ളതിൽ 553 എണ്ണവും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 477 സംഘങ്ങളിൽ 169 എണ്ണം നിലവിൽ പ്രവർത്തന രഹിതവും, 141 സംഘങ്ങൾ ലിക്വിഡേഷനിലുമാണ്. അവശേഷിക്കുന്ന 167 സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്ത് ഇനിയും പ്രവർത്തനം ആരംഭിക്കാത്തവയാണ്. അസംസ്കൃത വസ്തുവായ ചകിരിയുടെ ദൗർലഭ്യവും, വില വർദ്ധനവും, കൂടിയ ഉത്പാദന ചെലവും, കുറഞ്ഞ കയർ വിലയും തന്മൂലമുള്ള നഷ്ടവും, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും, കയർ മേഖലയിലെ കൂലി കുറവുമൂലം പുതിയ തലമുറയ്ക്ക് ഈ മേഖലയിലേക്കുള്ള താൽപര്യക്കുറവുമെല്ലാം കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഗണ്യമായി ബാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ